# പൊണ്ണത്തടി: സ്ത്രീകളുടെ പുതിയ പ്രശ്നം

കേന്ദ്ര ആരോഗ്യമന്ത്രാലയത്തിനുവേ ദി മുംബൈയിലെ ഇൻററനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോപ്പുലേഷൻ സ്റ്റഡീസ് നവം. 98 – ഡിസം. 99 സ യപരിധിക്കുള്ളിൽ നടത്തിയ ദേശീ യ കുടുംബാരോഗ്യസർവ്വേയുടെ അവ സാനറിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരി ക്കുന്നു. ഇന്ത്യയിലെ എല്ലാ ഭാഗങ്ങ ളിൽ നിന്നുമായി തെരഞ്ഞെടുത്ത 0,000 സ്ത്രീകളെ അഭിമുഖം നടത്തി ത യ്യാറാക്കിയ ഈ സർവ്വേയിലെ ചില വെളിപ്പെടുത്തലുകൾ ഇതാ:-

പൊണ്ണത്തടി സ്ത്രീകളെ ബാധിക്ക ന്ന ഒരു പ്രധാന ആരോഗ്യപ്രശ്നമായി മാറിക്കൊണ്ടിരിക്കുകയാണ്. ഗ്രാമപ്ര ദേശങ്ങളെ അപേക്ഷിച്ച് നഗരങ്ങളി ലെ സ്ത്രീകളേയും വിദ്യാഭ്യാസം കുറഞ്ഞ വരെ അപേക്ഷിച്ച് ഹൈസ്കൂൾ വിദ്യാ ഭ്യാസത്തിനുമുകളിൽ വിദ്യാഭ്യാസം നേ ടിയ സ്ത്രീകളേയുമാണ് പൊണ്ണത്തടി പ്രശ്നം കൂടുതലായി ബാധിക്കുന്നത്.

ദൽഹിയിലേയും പഞ്ചാബ് സം സ്ഥാനത്തേയും മൂന്നിലൊന്ന് സ്ത്രീകൾ പൊണ്ണത്തടിച്ചികളായി മാറിയിരിക്കു ന്നുവത്രേ! വിട്ടുമാറാത്ത ഒട്ടേറെ ആ രോഗ്യപ്രശ്നങ്ങൾക്ക് വളക്കൂറുള്ള മണ്ണാ ണ് പൊണ്ണത്തടി എന്നതിനാൽ അടി യന്തിരശ്രദ്ധ പതിയേണ്ട വിഷയമാ ണ് സ്ത്രീകളുടെ പൊണ്ണത്തടി എന്ന് ഗ വേഷകർ പറയുന്നു.

ചില പ്രത്യേക സന്ദർഭങ്ങളിൽ ഭർ ത്താവ് ഭാര്യയെ മർദ്ദിക്കുന്നതിൽ തെ റ്റില്ലെന്നാണ് ഭൂരിപക്ഷം സ്ത്രീകളും അ ഭിപ്രായപ്പെടുന്നത്.

ഭർത്താവിനെ അറിയിക്കാതെ പുറ ത്തെങ്ങോട്ടെങ്കിലും പോവുക, ഭർത്താ വിൻെറ കുടുംബാംഗങ്ങളോട് മോശ മായി പെരുമാറുക......തുടങ്ങിയ സന്ദർ ഭങ്ങളിൽ ഭർത്താവ് ഭാര്യയെ തല്ലുന്ന ത് തെറ്റല്ല എന്നാണ് 60 ശതമാനം സ്ത്രീകളും പറയുന്നത്. എന്നാൽ ഭക്ഷ ണം ശരിയായി പാചകം ചെയ്യാത്ത തിനോ ഭാര്യാവീട്ടിൽ നിന്നും മുതലു കൾ കിട്ടാത്തതിനോ ഭാര്യയെ ഭർത്താ വ് മർദ്ദിക്കുന്നത് ശരിയല്ലെന്നും ഭൂരി പക്ഷം പറയുന്നു.

ആറുമാസംവരെ അമ്മയുടെ മുലപ്പാൽ മാത്രം കഴിച്ചുവളരാൻ അറുപതുശതമാ നത്തോളം ശിശുക്കൾക്കേ കഴിയുന്നു ള്ളൂ. നാൽപ്പതുശതമാനത്തിൽ കൂടുതൽ കുട്ടികളും ആറുമാസത്തിനുമുമ്പേ അ ന്യ ആഹാരങ്ങൾ കഴിച്ചുതുടങ്ങാൻ നിർ ബ്ബന്ധിക്കപ്പെടുകയാണ്.

സ്കൂളുകളിൽ പെൺകുട്ടികളേക്കാൾ കൂ ടുതൽ ആൺകുട്ടികളാണ് ചേർക്കപ്പെ ടുന്നത് എങ്കിലും സ്കൂളിൽ ചേർന്ന കുട്ടി കളിൽ ആൺകുട്ടികളേക്കാൾ പെൺ കുട്ടികളാണ് മുടങ്ങാതെ സ്കൂളിൽ പോ കാൻ ശ്രദ്ധിക്കുന്നതത്രേ. പെൺകുട്ടി കളുടെ ചെറുപ്രായത്തിലുള്ള വിവാഹ വും ഗർഭധാരണവും അവസാനിച്ചിട്ടി ല്ലെങ്കിലും പൊതുവെ വിവാഹപ്രായം കൂടിവരുന്നുണ്ട്.

കുട്ടികൾ രണ്ടുമതി എന്ന നയം കുഗ്രാ മങ്ങളിലും സ്വീകാര്യമായി വരുകയാ ണ്. എന്നാൽ പെൺകുട്ടിയെ അപേ ക്ഷിച്ച് ആൺകുട്ടി ഉണ്ടായിക്കാണാനു ള്ള താല്പര്യം ശക്തമായിത്തന്നെ തുടരു കയാണ്.